(സി) ഗവൺമെന്റ് ഉത്തരവ് പ്രകാരം നീതി സ്റ്റോറിലെ സെയിൽസ്മാൻമാരും കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുമായി 88 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 20 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ഡി) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് തുടർന്നുവരുന്നതും ഗവൺമെന്റ് ഉത്തരവിനുമുമ്പ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ആരംഭിച്ചതുമായ 121 പേരെ ഇനി സ്ഥിരപ്പെടുത്താനുണ്ട്. കൊല്ലം ജില്ലയിൽ 18 പേരുണ്ട്. കൊല്ലം ജില്ലയിലെ പുനുക്കുന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, നടയ്ക്കൽ എസ്.സി.ബി., എഴുകോൺ എസ്.സി.ബി., പൂയപ്പള്ളി എസ്.സി.ബി., വെളിയം റീജിയണൽ എസ്.സി.ബി., മേലില എസ്.സി.ബി., ഇളമാട് എസ്.സി.ബി., തുരുത്തിക്കര എസ്.സി.ബി., ശൂരനാട് ഗ്രാമോദ്ധാരണ എസ്.സി.ബി., അമ്പലത്തുംഭാഗം എസ്.സി.ബി., ശാസ്താംകോട്ട എസ്.സി.ബി., ഉറുകുന്ന് എസ്.സി.ബി., കുളത്തുപ്പുഴ എസ്.സി.ബി., കുളത്തുപ്പുഴ എസ്.സി.ബി., ആവണീശ്വരം എസ്.സി.ബി., പുനലൂർ എസ്.സി.ബി., ഇളമ്പൽ എസ്.സി.ബി., പുന്നല എസ്.സി.ബി. എന്നീ സ്റ്റോറുകളിലാണ് ഇവർ കമ്മീഷൻ വ്യവസ്ഥയിൽ ഇപ്പോഴും ജോലി ചെയ്യുന്നത്. ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ഇവരുടെ സ്ഥിര നിയമനത്തിനാവശ്യമായ നടപടികൾ പരിഗണിക്കുന്നതാണ്.

സഹകരണ ബാങ്ക്/സംഘങ്ങളുടെ ചെറുകിട വായ്പകൾക്കുള്ള നടപടികൾ

77 (4068) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ, അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്, വിശദമാക്കുമോ ;

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് 10,000 രൂപ വരെയുള്ള വായ്പകളും

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5,000 രൂപ വരെയുള്ളതുമായ ചെറുകിട വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്ന പദ്ധതി നിലവിലുണ്ട്. 5,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകവും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

കള്ള് സഹകരണ സംഘങ്ങൾ

78 (4069) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്നും ആയത് ഏതൊക്കെ സംഘങ്ങളുടെ പേരിലാണെന്നും ഓരോ സംഘങ്ങൾക്കും ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 49 കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് കോഴിക്കോട് താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി.2729-ന്റെ പേരിൽ 3 കേസുകൾ നിലവിലുണ്ട്. കള്ളിൽ ആൾക്കഹോളിന്റെ അംശം നിയമാനുസൃത അളവിനേക്കാൾ കൂടുതൽ ഉണ്ടെന്നാണ് ചുമത്തപ്പെട്ട കുറ്റം. കോടതി മുഖാന്തരം ബി സാമ്പിൾ ടെസ്റ്റ് ചെയ്ത് കിട്ടിയ റിപ്പോർട്ട് പ്രകാരം ആൾക്കഹോൾ അളവ് കൂടുതൽ ഇല്ല എന്ന് വ്യക്തമായതിനാൽ സംഘം കോടതിയിൽ കേസ് ഡിസ്ചാർജ് ചെയ്യുന്നതിന് ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly